(ബി) കറുകച്ചാൽ, നെടുംകുന്നം, കുന്നേഴ മുതലായ സ്ഥലങ്ങളിൽ കൊതുകുശല്യം ഉണ്ടോ;

(സി) ഇതിനെപ്പറ്റി അന്വേഷിക്കാൻ ചുമതലപ്പെട്ടവരോട് ആവശ്യപ്പെട്ടുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഡി. ഡി. റ്റി. തളിക്കുക എന്നുള്ളതാണ് കൊതുകുശല്യം കുറയ്ക്കുന്നതിനു കൈക്കൊണ്ടിട്ടുള്ള നടപടി.

(ബി) അറിവില്ല.

(സി) മന്തു, മലമ്പനി എന്നീ രോഗങ്ങളെ പരത്തുന്ന കൊതുകുകളെ നശിപ്പിക്കുന്ന പ്രവർത്തനങ്ങളും മാത്രമേ ഇപ്പോൾ നടത്തുന്നുള്ളൂ. "ബി" യിൽ പറഞ്ഞിരിക്കുന്ന സ്ഥലങ്ങളിൽ കൊതുകുശല്യം ഉള്ളതായി അറിവില്ല. അന്വേഷിക്കാം.

തെങ്ങുകയറ്റത്തൊഴിലാളികളെ തിരിച്ചുജോലിക്കെടുപ്പിക്കൽ.

* 967. [62] ശ്രീ. സി. ജി. സദാശിവൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനുവരി മാസത്തിൽ ചേർത്തലയിൽ കണ്ണ് മിറാക്കിൾ രാമൻകുട്ടി എന്നയാൾ അടുത്തകാലത്തു പിരിച്ചുവിട്ട തെങ്ങുകയറ്റത്തൊഴിലാളികളെ തിരിച്ചെടുപ്പിക്കാൻ വേണ്ടി നടത്തിയ സത്യാഗ്രഹസമരകാലത്ത് ആ പ്രശ്നം അഡ്ജൂഡിക്കേഷനു വിടുവാൻ ലേബർ കമ്മീഷണർ ഗവണ്മെൻറിലേയ്ക്കു ശുപാർശ ചെയ്തിരുന്നില്ലെ;

(ബി) ലേബർകമ്മീഷണരുടെ ശുപാർശ അനുസരിച്ച് ആ പ്രശ്നം അഡ്ജൂഡിക്കേഷനു് ഇതേവരെ വിടാതിരിക്കുവാനുള്ള കാരണമെന്താണ്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) ഈ പ്രശ്നം വ്യവസായകോടതിക്കു വിടുവാൻ തക്കതാണെന്നു ഗവണ്മെൻറിനു ബോദ്ധ്യം വന്നില്ല. അതുകൊണ്ട് അഡ്ജൂഡിക്കേഷനു വിടേണ്ട ആവശ്യമില്ലെന്നു തീരുമാനിച്ചു.

പുതിയ പാലങ്ങൾ.

* 968. [63] ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955-56 വർഷത്തിൽ പുതുതായി സംസ്ഥാനത്തു പണി ആരംഭിച്ചിട്ടുള്ള പാലങ്ങൾ ഏതെല്ലാം;

(ബി) കുറശേഖരമംഗലം പ്രകൃതിയിൽ മണ്ഡപത്തുംകടവിൽ ഒരു പാലം പണിയേണ്ടതാണെന്നു് കാണിച്ചു് പൊതുജനങ്ങളിൽ നിന്നും നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

LIBRARY ARCHIVES Kerala Legislative Assembly